# Malayala Manorama

# 28 August 2018

# Thiruvananthapuram, After Flood, Flood Victims, Relief Camps

## മടങ്ങാൻ വഴിയൊരുക്കണം

### ക്യാംപ് പ്രവർത്തിച്ച സ്കൂളുകൾ ഉടൻ ശുചിയാക്കണം

**മനോരമ ലേഖകൻ**

തിരുവനന്തപുരം● ദുരിതാശ്വാസ ക്യാംപുകളിൽനിന്നു വീടുകളിലേക്കു മടങ്ങാൻ സാഹചര്യമുള്ള മുഴുവൻപേരും രണ്ടുദിവസംകൊണ്ടു തിരിച്ചുപോകുമെന്ന് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരിച്ചുപോകാൻ കഴിയാത്തവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും കലക്ടർമാരുമായുള്ള വിഡിയോ കോൺഫറൻസിൽ മുഖ്യമന്ത്രി നിർദേശിച്ചു.

ക്യാംപിൽ കഴിയേണ്ടി വന്നവർക്കു താൽക്കാലിക ആശ്വാസമായാണു 10,000 രൂപ നൽകുന്നത്. തുടർച്ചയായ ബാങ്ക് അവധി കാരണം ഇതു കൈമാറാൻ കഴിഞ്ഞിട്ടില്ല. അടുത്തദിവസം എല്ലാവർക്കും ലഭ്യമാക്കണം. തിരിച്ചുപോകുന്നവർക്കു ഭക്ഷണ കിറ്റ് നൽകുന്നുണ്ടെങ്കിലും പാചകം ചെയ്യാനുള്ള പാത്രമോ മറ്റു സൗകര്യങ്ങളോ വീടുകളിലില്ല. ഇതു മനസ്സിലാക്കി കലക്ടർമാർ ഉണർന്നു പ്രവർത്തിക്കണം. നേരത്തേ ക്യാംപ് വിട്ടവർക്കും കിറ്റ് ലഭ്യമാക്കണം. നാളെ സ്കൂൾ തുറക്കുന്നതിനാൽ ക്യാംപ് പ്രവർത്തിച്ച സ്കൂളുകൾ വൃത്തിയാക്കുന്നതിൽ പ്രത്യേക ശ്രദ്ധ വേണം. വിദ്യാർഥികൾക്ക് ആരോഗ്യപ്രശ്നങ്ങൾ വരാതിരിക്കാനുള്ള മുൻകരുതൽ ഉണ്ടാകണം.

വീടുകൾ താമസയോഗ്യമല്ലാതായ എത്ര കുടുംബങ്ങളുണ്ടെന്നതു സംബന്ധിച്ച വിവരം ഉടൻ ശേഖരിക്കണം. അതതു പ്രദേശങ്ങളിൽ അവർക്കു താമസസൗകര്യം ഒരുക്കണം. കല്യാണമണ്ഡപങ്ങളും ഹാളുകൾക്കും പുറമേ ആൾതാമസമില്ലാത്ത വലിയ വീടുകൾ കിട്ടുമോയെന്നും നോക്കണം. നാശനഷ്ടത്തിന്റെ കണക്ക് വൈകാതെ ശേഖരിക്കണം. ഓരോ മേഖലയ്ക്കും വന്ന നഷ്ടം കൃത്യമായി തിട്ടപ്പെടുത്തണം. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. മൂന്നാം തീയതിയോടെ അതിനുള്ള നടപടി ആരംഭിക്കണം.

വീട് ശുചീകരണം കാര്യക്ഷമമായി നടത്തണം. വാഹനങ്ങളുടെ ഇൻഷുറൻസ് തുക വേഗം ലഭ്യമാകുന്നതിനു നടപടി വേണം. നശിച്ചുപോയ കിടക്ക, ഇലക്ട്രോണിക് ഉപകരണങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ ശേഖരിച്ച് പൊതുസ്ഥലത്തു സൂക്ഷിക്കണം. അഴുകുന്നതും അഴുകാത്തതുമായ സാധനങ്ങൾ വേർതിരിച്ചാണു ശേഖരിക്കേണ്ടത്. അഴുകുന്ന മാലിന്യം പെട്ടെന്ന് സംസ്കരിക്കണം.

മൃഗങ്ങളുടെ ജഡം എവിടെയെങ്കിലും കിടക്കുന്നുണ്ടെങ്കിൽ പെട്ടെന്നു സംസ്കരിക്കണം. കിണറുകൾ ശുചീകരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണം. അതുവരെ വെള്ളം വീടുകളിൽ എത്തിക്കണം.

ചില സ്ഥലങ്ങളിൽ അനധികൃത പണപ്പിരിവും സർക്കാരിനു ദുരിതാശ്വാസ ഫണ്ട് നൽകരുതെന്നുള്ള പ്രചാരണവും നടക്കുന്നുണ്ട്. പൊലീസുമായി ബന്ധപ്പെട്ട് കർശന നടപടിയെടുക്കണം.

ദുരന്തം മാനസികനിലയെ ബാധിച്ചവർക്കു കൗൺസലിങ് നൽകണം. ക്യാംപുകളിൽനിന്നു മടങ്ങുന്ന പാവപ്പെട്ടവരെ സ്പോൺസർ ചെയ്യാൻ സാമ്പത്തികശേഷിയുള്ള വ്യക്തികളെയും സംഘടനകളെയും കണ്ടെത്തണം.



കുട്ടനാട്ടിൽ വെള്ളം ഇതുവരെ ഒഴിഞ്ഞുപോയില്ലെങ്കിലും ആഴ്ചകളായി വീട് വിട്ടുനിന്നവർ തിരികെ വീടുകളിലേക്കു പോയിത്ത... മുഹമ്മയിലെ ദുരിതാശ്വാസ ക്യാംപിൽ കഴിഞ്ഞ ചമ്പക്കുളത്തെ അഞ്ചു വീട്ടുകാർ ബസ് സർവീസ് ഇല്ലാത്തതിനാൽ ആലപ്പുഴ ... ട്ടിയിൽനിന്നു വള്ളം വാടകയ്ക്കെടുത്ത് വീട്ടിലേക്കുമടങ്ങുന്നു. ചിത്രം: ...

രക്ഷാപ്രവർത്തനത്തിലും ദുരിതാ... വർത്തനത്തിലും പങ്കെടുത്തവരെ ... ന്റെ നന്ദി അറിയിക്കുന്നതിനു പരി... സംഘടിപ്പിക്കണം.

അവശ്യ സാധനങ്ങൾക്കു വില... ക്കുന്നതിനെതിരെ ശക്തമായ നട... ക്കണം. ദുരന്തം നേരിടുന്ന കാര്യ... ക്ടർമാർ നൽകിയ നേതൃത്വം അ... ഹമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.